**G20 നേതാക്കളുടെ ഉച്ചകോടിയിൽ പങ്കെടുക്കാൻ ദക്ഷിണാഫ്രിക്കയിലെ ജോഹാൻസ്ബർഗിലേക്കുള്ള പ്രധാനമന്ത്രിയുടെ സന്ദർശനം (നവംബർ 21 - 23, 2025)**

നവംബർ 19, 2025

ദക്ഷിണാഫ്രിക്ക ആതിഥേയത്വം വഹിക്കുന്ന 20-ാമത് G20 നേതാക്കളുടെ ഉച്ചകോടിയിൽ പങ്കെടുക്കാൻ 2025 നവംബർ 21മുതൽ 23 വരെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗ് സന്ദർശിക്കും. ഗ്ലോബൽ സൗത്തിൽ നടക്കുന്ന തുടർച്ചയായ നാലാമത്തെ G20 ഉച്ചകോടിയാണിത്. ഉച്ചകോടിയിൽ, G20 അജണ്ടയെക്കുറിച്ചുള്ള ഇന്ത്യയുടെ കാഴ്ചപ്പാടുകൾ പ്രധാനമന്ത്രി മുന്നോട്ടുവയ്ക്കും. ഉച്ചകോടിയുടെ മൂന്ന് സെഷനുകളിലും പ്രധാനമന്ത്രി സംസാരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സെഷനുകൾ ഇവയെക്കുറിച്ചാണ്:

i. ആരേയും അവഗണിക്കാതെ എല്ലാവരെയും ഉൾക്കൊള്ളുന്നതും സുസ്ഥിരവുമായ സാമ്പത്തിക വളർച്ച: നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ വികസനം; വ്യാപാരത്തിന്റെ പങ്ക്; വികസനത്തിനും കടാശ്വാസത്തിനും ധനസമാഹരണം

ii. പ്രതിരോധശേഷിയുള്ള ലോകം - G20 യുടെ സംഭാവന: ദുരന്തസാധ്യത കുറയ്ക്കൽ; കാലാവസ്ഥാ വ്യതിയാനം; സന്തുലിതമായ ഊർജ്ജ പരിവർത്തനങ്ങൾ; ഭക്ഷ്യ സംവിധാനങ്ങൾ

iii. എല്ലാവർക്കും സമത്വവും നീതിയും ഉറപ്പുനൽകുന്ന ഭാവി: നിർണ്ണായക ധാതുക്കൾ; മാന്യമായ തൊഴിൽ; നിർമ്മിതബുദ്ധി

2. G20 നേതാക്കളുടെ ഉച്ചകോടിയുടെ ഭാഗമായി, ജോഹന്നാസ്ബർഗിൽ സന്നിഹിതരായിരിക്കുന്ന ചില നേതാക്കളുമായി പ്രധാനമന്ത്രി ഉഭയകക്ഷി യോഗം നടത്തുമെന്നും പ്രതീക്ഷിക്കുന്നു. ദക്ഷിണാഫ്രിക്കയിൽ നടക്കുന്ന ഇന്ത്യ-ബ്രസീൽ-ദക്ഷിണാഫ്രിക്ക (IBSA) നേതാക്കളുടെ യോഗത്തിലും പ്രധാനമന്ത്രി പങ്കെടുക്കും.

ന്യൂഡൽഹി

നവംബർ 19, 2025